● നിലപാട്



## പ്ലാച്ചിമട

# ഇനിയെന്ത്?

പ്രൊഫ. എം.കെ.പ്രസാദ്

**അവിടെ** ആ കൊക്കക്കോളാ ഫാക്ടറി പൂട്ടിക്കിടക്കുന്നു. അതിനു മുമ്പിൽ പഴയ സമരപ്പന്തലിൽ അനക്കമുണ്ട്. അതിൽ ഇപ്പോഴും സമരക്കാരുടെ പ്രതിനിധികൾ കുത്തിയിരുപ്പ് തടരുന്നു. ഇതൊരു ദയനീയ ചിത്രമാണ്. ഇത് നമ്മെ നാണിപ്പിക്കുന്ന ചിത്രമാണ്. എല്ലാവരും നിസ്സഹായരാണോ?. സമരത്തെ ശക്തിപ്പെടുത്തിയവർ, സമരത്തിന് കൂട്ടുനിന്നവർ, നയിച്ചവർ, ഇതിനെ അന്തർദേശീയ തലത്തിലേക്ക് ഉയർത്തിയവർ-അവർ ഇവിടേയ്ക്ക് തിരിഞ്ഞൊന്നു നോക്കിയെങ്കിൽ! കമ്പനിക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ല. കാരണം കമ്പനി പ്രവർത്തിക്കാൻ പഞ്ചായത്ത് നിർദ്ദേശിച്ച നിയന്ത്രണങ്ങൾ കമ്പനിക്ക് സ്വീകാര്യമല്ല. സുപ്രീം കോടതിയിലാണ് കേസുള്ളത്.

പ്ലാച്ചിമടയിലെ പ്രശ്നം മനസ്സിലാകാത്തത് ആർക്കാണ്? കൊക്കക്കോള കമ്പനി വരുന്നു. കമ്പനി അനിയന്ത്രിതമായി ഭൂഗർഭജലം ഊറ്റിയെടുത്തു. ഫാക്ടറിക്കാരും, മലിനീകരണ നിയന്ത്രണബോർഡും കളിച്ചു. കേസ് ഹൈക്കോടതിയിലെത്തി. അവിടുന്ന് സുപ്രീം കോടതിയിലും.

ഈ കാലയളവിൽ പ്ലാച്ചിമട പ്രശ്നം ശാസ്ത്രീയമായ പഠനത്തിന് വിധേയമായിട്ടില്ല എന്നത് ശാസ്ത്രലോകത്തെ നാണിപ്പിക്കുന്നു. കൊക്കക്കോള ഫാക്ടറിയിലെ നിർഗമനങ്ങൾ ഒഴുകിച്ചെന്നിട്ടാണ് ചുറ്റുപാടിലുള്ള കിണറുകളിലെ വെള്ളം മലിനമായത് എന്നത് സമർത്ഥിക്കുന്ന തെളിവ് ഇനിയും ഉണ്ടാവേണ്ടിയിരിക്കുന്നു. അതിന് പരീക്ഷണം വേണം. പഠനം വേണം. പ്ലാച്ചിമടയെപ്പോലുള്ള ഒരു പ്രദേശത്ത് ഭൂഗർഭജലത്തിന്റെ ഭൗതിക സ്ഥിതിയെന്താണ്? ഉത്തരം ഭൂഗർഭ ജലവകുപ്പ് നൽകിയിട്ടുണ്ട്. എത്ര വെള്ളം ദിനംപ്രതി എടുക്കാം എന്നതിന് കൃത്യമായ ഉത്തരം ആരും പറഞ്ഞിട്ടില്ല. കണക്കാക്കിയിട്ടില്ല എന്നാണോ? കണക്കാക്കി, പക്ഷെ, കണക്ക് കമ്പനിയെ സഹായിക്കാനുള്ള തരത്തിലായി പോയി. ഇതിന്റെ അശാസ്ത്രീയത ഹൈക്കോടതിയിൽ തെളിയിക്കാൻ വേണ്ട സമയത്ത് പഞ്ചായത്തിന് കഴിഞ്ഞില്ല. എന്തായാലും പൊതുവെയുള്ള അഭിപ്രായം പ്ലാച്ചിമടയിൽ നിന്നും എടുക്കാവുന്ന വെള്ളം കൊക്കക്കോള ഫാക്ടറിക്ക് മതിയാവില്ല. അമിത ചൂഷണം വേണ്ടിവരും. അത് സമ്മതിക്കുവാനാവില്ല. തീർച്ച.

കമ്പനി മലിനീകരണം മൂലം ചുറ്റുവട്ടത്തുള്ള ആളുകൾക്ക് വന്ന നഷ്ടം കമ്പനിയെക്കൊണ്ട് സർക്കാർ നികത്തിക്കണം. പഞ്ചായത്ത് മുൻകയ്യെടുക്കണം. എത്ര നഷ്ടം വന്നിട്ടുണ്ട് എന്നത് പഠിക്കേണ്ടതുണ്ട്. കുടിവെള്ളം പുറമേനിന്നും കൊണ്ടുവന്നതിന്റെ അദ്ധ്വാനം, വീട്ടുവളപ്പിൽ പച്ചക്കറി നട്ടുനനയ്ക്കാൻ പറ്റാത്ത നഷ്ടം, വെള്ളമില്ലാതെ കൃഷി ചെയ്യാൻ പറ്റാതെ വന്നതിന്റെ നഷ്ടം, ആരോഗ്യരക്ഷക്കായി ചിലവു ചെയ്തതിന്റെ നഷ്ടം - ഇവയൊക്കെ ശാസ്ത്രീയമായ സർവ്വെ നടത്തി പഠിക്കണം. ഇനി വൈകിക്കൂടാ. സമരത്തിലേർപ്പെട്ട ഗ്രാമീണർക്ക് തൊഴിൽ ഉറപ്പാക്കണം. അവരിൽ എത്രപേർ ഗ്രാമീണ തൊഴിലുറപ്പു സമിതിയി പ്രവർത്തിക്കുന്നു എന്നറിയണം. അവിടെ കുടുംബശ്രീ പ്രവർത്തനം ഇല്ലെങ്കിൽ തുടങ്ങണം. ചെറുകിട ഉൽപ്പന്നങ്ങൾ - സോപ്പ്, അലക്കുപൊടി, അച്ചാർ, ചമ്മന്തി, കടലാസുപാക്കറ്റ് എന്നിവ നിർമ്മിക്കുന്ന സംഘങ്ങൾ, അവയ്ക്ക് നേതൃത്വം കൊടുക്കാൻ കുടുംബശ്രീ സംവിധാനം ഉപയോഗിക്കാം.

കൊക്കക്കോള ഫാക്ടറിയി മറ്റെന്തെങ്കിലും ഉൽപ്പാദിപ്പിച്ച് പ്രവർത്തനം തുടരും എന്ന് കേൾവിയുണ്ട്. എന്തു വേണമെങ്കിലും ഉൽപ്പാദിപ്പിച്ചോട്ടെ. പക്ഷെ, വെള്ളം പുറമേന്നു കൊണ്ടുവരണം. മലിനീകരണ നിയന്ത്രണം കർശനമായിരിക്കണം. അത് പരിശോധിക്കാൻ പൊതുജനസമിതിയെ അനുവദിക്കണം. വ്യവസായങ്ങളെപറ്റി സാങ്കേതിക പരിജ്ഞാനമുള്ള (ജനസൗഹൃദ) വിദഗ്ധമാർ ഇത്തരം കാര്യങ്ങളെപ്പറ്റി പരിശോധിച്ച് നാശത്തിലേക്ക് വഴുതിവീണ പ്ലാച്ചിമട യുടെ സമ്പദ്‌വ്യവസ്ഥയും, പരിസ്ഥി തിയും, ജനാരോഗ്യവും സമുപയോഗിക്കാനുള്ള സമയാണിത്.

*62, ഗിരിനഗർ, കടവന്ത്ര, കൊച്ചി-20*